# IX. റൂളിംഗ്

മി. സ്പീക്കർ: ഇതുസംബന്ധിച്ച് ചെയർ മുമ്പും റൂളിംഗ് നൽകിയിട്ടുണ്ട്. നിയമസഭയിൽ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി നൽകുന്നില്ല എന്നുള്ള പല അംഗങ്ങളുടേയും പരാതി പല സന്ദർഭങ്ങളിലും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഇത്തവണയും ശ്രീ. കെ.സി. വേണുഗോപാലും ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയും ശ്രീ. ജോസഫ് എം. പുതുശ്ശേരിയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുമൊക്കെ ഇതു സംബന്ധിച്ച് ചെയറിന് എഴുതിത്തന്നിട്ടുണ്ട്. നിയമസഭയിൽ ഉത്തരം ലഭിക്കാത്ത പല ചോദ്യങ്ങൾക്കും വിവരാവകാശ നിയമപ്രകാരം ഉത്തരം ലഭിക്കുന്നു എന്നും ഇത് നിയമസഭയോടും നിയമസഭാംഗങ്ങളോടുമുള്ള അനാദരവാണെന്നും സഭയുടെ അവകാശ ലംഘനമാണെന്നും അംഗങ്ങൾ പരാതിപ്പെടുന്നു. അതിൽ ശരിയുണ്ട്. കാരണം നിയമസഭയിൽ ചോദിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി കിട്ടുന്നില്ല. പക്ഷെ നിയമസഭാംഗങ്ങൾ വിവരാവകാശ നിയമമനുസരിച്ച് ചോദ്യം ചോദിക്കുമ്പോൾ അവർക്ക് ഉത്തരം ലഭിക്കുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നു. ചെയർ ഇക്കാര്യം വളരെ ഗൗരവമായിട്ടാണ് കാണുന്നത്. ഇക്കാര്യം സംബന്ധിച്ച് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലും ചെയർ റൂളിംഗ് നൽകുകയുണ്ടായി. നിയമസഭാ ചട്ടങ്ങളിൽ ഇക്കാര്യം സംബന്ധിച്ച് എന്തെങ്കിലും മാറ്റം വരുത്താൻ കഴിയുമോയെന്ന് നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്യുന്ന കമ്മിറ്റി പരിശോധിച്ചുവരികയാണ്. തീർച്ചയായിട്ടും അതു പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

# X. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

## ദേശീയ അവാർഡ്

പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഈ വർഷം മുതൽ കേന്ദ്ര ഊർജ്ജ മന്ത്രാലയം ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ദേശീയ അടിസ്ഥാനത്തിൽ അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. മികച്ച ഊർജ്ജ സംരക്ഷണ പ്രവർത്തനത്തിനുള്ള ഈ വർഷത്തെ അവാർഡ് കേരളത്തിനാണ് ലഭിച്ചിട്ടുള്ളത്.

ഊർജ്ജ സംരക്ഷണ മേഖലയിൽ നടന്നിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ പരിശോധിച്ചാണ് അവാർഡ് നിശ്ചയിക്കുന്നത്. കേരളത്തിലെ ഡെസിഗ്നേറ്റഡ് ഏജൻസി എന്ന നിലയിൽ പവർ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള എനർജി മാനേജുമെന്റ് സെന്റർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ മാതൃകാപരമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്. എനർജി ആഡിറ്റിംഗ്, ഊർജ്ജ സംരക്ഷണ ബോധവൽക്കരണം, എനർജി ക്ലിനിക്ക്, എനർജി ക്ലബ്ബുകൾ തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ ഇ. എം. സി. നടത്തിവരികയാണ്.

ഇത്തരത്തിലുള്ള പ്രവർത്തനത്തിലൂടെ 2007-08 വർഷത്തിൽ 5.65 മെഗാവാട്ട് വൈദ്യുതിയും 37,000 ടൺ ഇന്ധനയെണ്ണയും 3560 ടൺ കൽക്കരിയും ലഭിക്കാൻ തെരഞ്ഞെടുക്കപ്പെട്ട 130 സ്ഥാപനങ്ങൾവഴി ലഭ്യമാക്കാൻ കഴിഞ്ഞു. ഇത് മികച്ച നേട്ടമാണ്. ഇത്തരത്തിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടാകെ നടത്താൻ കഴിഞ്ഞാൽ കേരളത്തിന്റെ ഊർജ്ജ പ്രതിസന്ധിക്ക് വലിയ സഹായമാണ് ചെയ്യാൻ കഴിയുക.

LIBRARY ARCHIVES Kerala Legislative Assembly